




# Jubilet

Since 1951

Vol. 6, Issue : 2

JUBILEE MISSION MEDICAL COLLEGE & RESEARCH INSTITUTE

MARCH 2020

## Editorial

സ്നേഹമുള്ളവരെ,

വളരെയേറെ ആശങ്കകൾ നിറഞ്ഞ ഒരു പ്രതിസന്ധിയിലൂടെയാണ് നാം കടന്നുപോകുന്നത്. ജീവനും ജീവിതങ്ങളും തകർന്നടിയുന്നതിന്റെ ദുരിതകാഴ്ചകളാണ് ചുറ്റിലും. ഒരുപാട് മുന്നറിയിപ്പുകളും ചർച്ചകളും കൊണ്ട് ആകെ ബഹളമയം...!

ഈ ദിവസങ്ങളിൽ നവമാധ്യമങ്ങളിൽ കണ്ട ഒരു പോസ്റ്റ് ഇങ്ങനെയാണ്: " A biological researcher comments: you give a footballer, one million euros a month and a biological researcher 1800 euros, You are looking for treatment now! Go to Ronaldo or Messi and they will find you a cure." ഈ പ്രസ്താവനയുടെ ആധികാരികതയ്ക്ക് വലിയ ഉറപ്പൊന്നും ഇല്ല.

വർദ്ധിച്ചുവരുന്ന ആശങ്കകൾക്ക് നടുവിൽ പെട്ടെന്ന് ഉണ്ടായ ഒരു വികാര പ്രകടനം മാത്രമാണിത്. എങ്കിലും വളരെ ശക്തമായ ഒരു താക്കീതുകൂടി ഈ പ്രസ്താവന നമുക്ക് നൽകുന്നുണ്ട്. നമ്മുടെയും സമൂഹത്തിന്റെയും മുൻഗണനശ്രേണിയെ വിലയിരുത്തുവാനുള്ള ആഹ്വാനം ആണത്.

കൊറോണ വൈറസിന്റെ ആക്രമണവും അതിനെതുടർന്ന് ലോകം മുഴുവൻ ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങളും നമ്മെ ചിന്തിപ്പിക്കേണ്ടിയിരിക്കുന്നു. താരതമ്യേന അപ്രധാനങ്ങളായ കാര്യങ്ങൾക്ക് പിന്നാലെ പായാതെ പ്രധാനപ്പെട്ടവയിലേയ്ക്ക് ശ്രദ്ധ തിരിക്കാൻ നാം മറന്നുപോയിരിക്കുന്നു. ജീവനും ജീവിതത്തിനും നൽകുന്നതിനേക്കാൾ മറ്റു കാര്യങ്ങൾക്ക് പ്രാധാന്യം നൽകുമ്പോൾ അവിടെ തോൽക്കുന്നത് പ്രഥമസ്ഥാനം നൽകേണ്ട മൂല്യങ്ങളാണ്.

നമ്മുടെ മുൻഗണനകളെ നമുക്ക് തിരുത്തിയെഴുതാം. പ്രധാനപ്പെട്ടവയെ മനസ്സിലാക്കാനും അവയെ നെഞ്ചോട് ചേർത്ത് സമൂഹത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താനും നമുക്ക് പരിശ്രമിക്കാം.

ഇപ്പോഴത്തെ മാറിയ സാഹചര്യത്തിൽ ഗവൺമെന്റിനോടും അധികാരികളോടും ചേർന്ന് നിന്നുകൊണ്ട് നമുക്ക് പ്രവർത്തിക്കാം. വരുംകാലത്തിലും പ്രാധാന്യം നല്കേണ്ടവയ്ക്ക് അവയുടെ അർഹമായ സ്ഥാനം നല്കുന്ന സംസ്കാരം നമുക്ക് രൂപപ്പെടുത്തിയെടുക്കാം. ആരെയും പഴിചാരാതെ ഓരോരുത്തനും അവനവന്റെ ജീവിതത്തിൽ ഒരു നവയുഗസംസ്കാര നിർമ്മിതിയ്ക്ക് തുടക്കം കുറിക്കട്ടെ.

ലോകത്തെ ഗ്രസിച്ചുകൊണ്ടിരിക്കുന്ന ഈ രോഗത്തിനെതിരെ പൊരുതുന്ന എല്ലാവരെയും പ്രത്യേകിച്ച് ആരോഗ്യപരിപാലനരംഗത്തു ജോലി ചെയ്യുന്നവരെയും നമുക്ക് നന്ദിയോടെ ഓർക്കാം.

ഒത്തൊരുമിച്ച് നമുക്ക് മുന്നേറാം..... അതിജീവനത്തിന്റെ പാതയിൽ....

എല്ലാവർക്കും സർവ്വമംഗളങ്ങളും നേരുന്നു.

ഫാ. സിജോ ചെറുവത്തൂർ

എഡിറ്റർ

## മാർ ജേക്കബ്ബ് തൂങ്കുഴി പിതാവിന്റെ നവതി – ജന്മദിനസുഹൃദ്സംഗമം ജൂബിലിയിൽ നടന്നു.



ആർച്ച് ബിഷപ്പ് എമിരിറ്റസ് മാർ ജേക്കബ്ബ് തൂങ്കുഴി പിതാവിന്റെ നവതി ആഘോഷവും, ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ 69–ാം ജന്മദിന സുഹൃദ്സംഗമവും ജൂബിലി മിഷൻ ആശുപത്രിയിൽ നടന്നു. സംസ്ഥാന കൃഷിവകുപ്പ് മന്ത്രി വി. എസ്. സുനിൽകുമാർ നവതി- ജന്മദിനസുഹൃദ്സംഗമം ഉദ്ഘാടനം ചെയ്തു. ജില്ലയിലെ പ്രമുഖ വ്യക്തികളും സംഘടനകളും പിതാക്കന്മാരെ ആദരിച്ചു.

## ഹൈലൈറ്റ്സ്

* പിതാക്കന്മാരുടെ ജന്മദിനം ആഘോഷിച്ചു.
* ക്ലിനിക്കൽ സൈക്കോളജി എക്സിബിഷൻ നടന്നു.
* ആയുർവ്വേദ പഠനത്തിനായി അമേരിക്കൻ സംഘം
* ജൂബിലിയിൽ അന്തർദേശീയ ശില്പശാലകൾ
* മികച്ച ലേ ഔട്ട് പുരസ്കാരവുമായി മെഡിക്കൽ കോളേജ് മാഗസിൻ
* ജൂബിലിയുടെ പുതിയ ഗവേഷണ പങ്കാളിത്തങ്ങൾ
* വിജയനേട്ടങ്ങളുമായി ജൂബിലി കുടുംബാംഗങ്ങൾ
* നഴ്സിംഗ് വിദ്യാർത്ഥിനികളുടെ ബിരുദദാനം
* ലോക ഗ്ലോക്കോമ വാരം ആചരിച്ചു.

# ജൂബിലിയും കാരുണ്യ യൂണിവേഴ്സിറ്റിയും ഗവേഷണത്തിന് പങ്കാളികളാവുന്നു.



ജൂബിലി മിഷൻ മെഡിക്കൽ കോളേജും, കോയമ്പത്തൂരിലെ കാരുണ്യ യൂണിവേഴ്സിറ്റിയും മെഡിക്കൽ-എഞ്ചിനീയറിങ്ങ് മേഖലയിൽ സംയുക്ത ഗവേഷണത്തിനുള്ള സമ്മതപത്രത്തിൽ ഒപ്പുവെച്ചു. ജൂബിലിയിൽ നടന്ന ചടങ്ങിൽ കാരുണ്യ ഡീംഡ് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ.പി. മന്നാർ ജവഹറും, ജൂബിലി ഡയറക്ടർ ഫാ. ഫ്രാൻസീസ് പള്ളിക്കുന്നത്തും ധാരണാപത്രം ഒപ്പുവെച്ച് ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്തിന്റെ സാന്നിധ്യത്തിൽ പരസ്പരം കൈമാറി. ന്യൂറോളജി, റേഡിയോളജി, ഗൈനക്കോളജി തുടങ്ങിയ വിഭാഗങ്ങളിൽ സാങ്കേതിക ശാസ്ത്രത്തിന്റെ നൂതന സങ്കൽപ്പങ്ങൾ ഉപയോഗിച്ചുള്ള ഗവേഷണങ്ങൾക്കാണ് തുടക്കത്തിൽ പ്രാധാന്യം നൽകുക.

# ജൂബിലിയും രാജീവ് ഗാന്ധി സെന്ററും ഗവേഷണത്തിൽ സഹകരിക്കുന്നു.



ജൂബിലി മിഷൻ ഗവേഷണ വിഭാഗവും തിരുവനന്തപുരത്തെ രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയും, ഗവേഷണ പ്രവർത്തനങ്ങളിൽ സംയുക്തമായി പ്രവർത്തിക്കാനുള്ള ധാരണാപത്രം ജൂബിലിയിൽ നടന്ന ചടങ്ങിൽ ജൂബിലി മിഷൻ ട്രസ്റ്റ് ചെയർമാൻ ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്തിന്റെ സാന്നിധ്യത്തിൽ ഒപ്പുവെച്ച്; കൈമാറി. സ്തനാർബുദം, കരളിനെ ബാധിക്കുന്ന കാൻസർ എന്നിവയിൽ കീമോതെറാപ്പി ഔഷധങ്ങളുടെ തോത് കുറയ്ക്കുന്നതിനുള്ള ഗവേഷണത്തിനാണ് തുടക്കമിടുന്നത്. ജൂബിലി ഗവേഷണ കേന്ദ്രത്തിന്റെ ദേശീയ ഉപദേശക സമിതി യോഗത്തിലാണ് ധാരണാപത്രം കൈമാറിയത്.

## ജൂബിലി മിഷൻ മെഡിക്കൽ കോളേജ് 2019 മാഗസിൻ "ഒച്ച്" ബെസ്റ്റ് ലേ ഔട്ടിനുള്ള മലയാള മനോരമ ചീഫ് എഡിറ്റേഴ്സ് ട്രോഫി നേടി.







ലേ ഔട്ട് - സാറ കല്ലേലി, റോസ് ജോസ്
സ്റ്റുഡന്റ് എഡിറ്റർ - ലിഷ യോഹന്നാൻ, എഡ്വിൻ പീറ്റർ
സ്റ്റാഫ് എഡിറ്റർ - ഡോ. അപർണ്ണ നമ്പൂതിരിപ്പാട്

# Welcome to Jubilee Family

| No. | Name | Designation |
|---|---|---|
| 1 | Dr.JAIN K GEORGE | SENIOR RESIDENT, Anaesthesia |
| 2 | Dr.DEENA WILSON | JR RESIDENT, Emergency Medicine |
| 3 | Dr.JOVITO CHACKO JAMES | JR RESIDENT, Neurosurgery |
| 4 | Dr.INDU K GOPI | SCIENTIST B1, JCMR |
| 5 | Dr.ROHINI SEBASTIAN | ASSISTANT PROFESSOR, MC Pathology |
| 6 | Dr.GEETHANJALI R | JR RESIDENT, Plastic Surgery |
| 7 | Dr.ARUNIMAA | JR RESIDENT, Geriatrics |
| 8 | Dr.NAYAN RUKHAIYAR | FELLOW, Neonatology |
| 9 | Dr.Sr.ASHA MATHEW | FELLOW, Neonatology |
| 10 | Sr.UDAYA | ASSISTANT HOSTEL WARDEN, MC |
| 11 | Sr.DEEPA VARGHESE | STAFF NURSE TRAINEE |
| 12 | Mr.SEELAS CHACKO | CANTEEN STAFF |
| 13 | Mr.PAUL C P | DATA ENTRY OPERATOR, General Surgery |
| 14 | Mr.NELVIN C JOHN | FOOD & HOSPITALITY SERVICES MANAGER |
| 15 | Mr.ANOOP C GEORGE | PHYSICIAN ASSISTANT, Cardiac Surgery |
| 16 | Mr.ANTO T J | DRIVER |
| 17 | Mr.PRAVEENA GOWDA | ASST COOK, Canteen |
| 18 | Mr.SHAJU C P | CANTEEN STAFF |
| 19 | Mrs.PRINCY PETER | TUTOR / CLINICAL INSTRUCTOR, JMSON |
| 20 | Mrs.JINSY K B | INFECTION CONTROL NURSE |
| 21 | Mrs.MIDHUNA VINCENT | STAFF NURSE |
| 22 | Mrs.SOUMYA THOMAS | STAFF NURSE |
| 23 | Mrs.ROSMIA VARGHESE | STAFF NURSE |
| 24 | Mrs.ATHIRA I S | STAFF NURSE |
| 25 | Mrs.GEENAMOL JOY | HEAD NURSE |
| 26 | Mrs.JISHA SINEESH | CANTEEN STAFF |
| 27 | Mrs.BABITHA BINU | CANTEEN STAFF |
| 28 | Mrs.SHINY BIJU | CANTEEN STAFF |
| 29 | Mrs.LISSY JOSHY | CANTEEN STAFF |
| 30 | Mrs.ALGI K J | CANTEEN STAFF |
| 31 | Mrs.ELSY SUNIL | CANTEEN STAFF |
| 32 | Mrs.CHRISTEENA DAVIS | FELLOW, Neonatology |
| 33 | Ms.SRUTHI T S | TECHNICIAN - ANAESTHESIA |
| 34 | Ms.ANJALI P S | TECHNICIAN - ANAESTHESIA |
| 35 | Ms.ATHIRA P P | RADIOGRAPHER |
| 36 | Ms.MABLE JALAPPAT | DATA ENTRY OPERATOR |
| 37 | Ms.VIVA JOHNSON | PHARMACIST |
| 38 | Ms.PRAVEENA FRANCIS | PHARMACIST |
| 39 | Ms.FEMIN ROSE M J | PHARMACIST |
| 40 | Ms.ANUMOL JOY | PHARMACIST |
| 41 | Ms.RINU MATHEW | QLTY EXECUTIVE |

## ഏകദിന ശില്പശാല

സെന്റ് തോമസ് കോളേജിന്റേയും, ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിംഗ് തൃശ്ശൂരിന്റേയും നേതൃത്വത്തിൽ നാക് അക്രഡിറ്റേഷനായി ശ്രമിച്ചുകൊണ്ടിരിക്കുന്ന കോളേജുകൾക്കായി യു. ജി.സി.യുടെ പരമാർശ് പദ്ധതിയുമായി അനുബന്ധപ്പെടുത്തി വിവിധ കോളേജ് അധ്യാപകർക്കായി അക്കാദമിക് അഡ്മിനിസ്ട്രേറ്റീവ് ഓഡിറ്റ് എന്ന വിഷയത്തെക്കുറിച്ച് ഏകദിന ശില്പശാല നടത്തി.



## അഭിനന്ദനങ്ങൾ



വെല്ലൂർ സി. എം. സി.യിൽ നടന്ന ജെറിയാട്രിക്സ് ദേശീയ കോൺഫറൻസ് - ദി ജെറിക്കോൺ 2019ൽ പ്ലാറ്റ്ഫോം പ്രസന്റേഷനിൽ ഒന്നാം സ്ഥാനം നേടിയ ഡോ. അനു ഫ്രാൻസിസിനും ജെറിയാട്രിക്സ് മെഡിസിൻ വിഭാഗത്തിനും അഭിനന്ദനങ്ങൾ.



ഭാരതീയാർ സർവകലാശാലയിൽനിന്നും ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസിൽ പി.എച്ച്. ഡി. നേടിയ ക്രിസ് തോമസ്. ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിംഗിലെ ലൈബ്രേറിയൻ ആണ്.



അസോസിയേഷൻ ഓഫ് ഹെൽത്ത് കെയർ പ്രൊവൈഡേർസ് ഇന്ത്യ, കൺസോർഷ്യം ഓഫ് അക്രെഡിറ്റഡ് ഹോസ്പിറ്റൽസ്, ഡബിൾ ഹെലിക്കൽ മാഗസിനുമായി ചേർന്ന് ഡോ. സ്റ്റീവ് പോൾ (അസി, പ്രൊഫസർ, ജെറിയാട്രിക് വിഭാഗം)-ന് ദേശീയ അവാർഡ് നൽകി ആദരിച്ചു. ജെറിയാട്രിക്സ് പരിചരണത്തിലുള്ള മികവിനാണ് അവാർഡ്.



ഡോ. അശ്വത്ത്കുമാർ (പ്രൊഫസർ, (OBG വിഭാഗം), ഫെഡറേഷൻ ഓഫ് ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി ഇന്ത്യ (FOGSI)യുടെ നാഷണൽ കോ-ഓർഡിനേറ്ററായി തിരഞ്ഞെടുക്കപ്പെട്ടു.



അസോസിയേഷൻ ഓഫ് ഫിസിഷ്യൻസ് ഓഫ് ഇന്ത്യ, കേരള ചാപ്റ്റർ, ഡോ. പി. ബാബുരാജൻ (പ്രൊഫസർ, മെഡിസിൻ വിഭാഗം)-നെ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് 2019 നൽകി ആദരിച്ചു.



ഫെബ്രുവരിയിൽ നടന്ന ഓൾ ഇന്ത്യ ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജി കോൺഫറൻസിൽ വച്ച് ഡോ. നീത ജോർജ്ജിന് (അസി. പ്രൊഫസർ, OBG) FICOG ഡിഗ്രി ലഭിച്ചു.

# അഭിനന്ദനങ്ങൾ

ഡോ. തോമസ് പാനോസ മെമ്മോറിയൽ ഗോൾഡ് മെഡൽ KPSA പ്ലാസ്റ്റിക് സർജറി പരീക്ഷയിൽ ഡോ. അഭിജിത് വത്സലൻ (എം. എസ്. റസിഡന്റ്, ജനറൽ സർജറി) രണ്ടാം റാങ്ക് നേടി.



അമേരിക്കൻ ഹാർട്ട് അസോസിയേഷനും എമർജൻസി മെഡിസിൻ കനേഡിയൻ ജേർണലും ചെയ്യുന്ന പ്രോജക്ടുകളിൽ പ്രവർത്തിക്കുന്ന CanadiEM-ന്റെ ഇൻഫോഗ്രാഫിക്സ് എഡിറ്ററായി എമർജൻസി വിഭാഗം സീനിയർ റെസിഡന്റ് ഡോ. മീൻഹാസ് ഒ. കെ. തിരഞ്ഞെടുക്കപ്പെട്ടു.



# അഭിനന്ദനങ്ങൾ



2019 ഡിസംബർ മാസത്തെ ബെസ്റ്റ് എംപ്ലോയീ - ശ്രീ. സാജൻ എ. വി. (കാന്റീൻ സ്റ്റാഫ്)



2020 ജനുവരി മാസത്തെ ബെസ്റ്റ് എംപ്ലോയീ - ശ്രീ. ഹരികൃഷ്ണൻ പി. (മെയിന്റനൻസ് ഹെഡ്)

# അഭിനന്ദനങ്ങൾ

കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ വച്ച് നടന്ന ഇന്റർസോൺ ആർട്ട് ഫെസ്റ്റിൽ മലയാളം പ്രസംഗകലയിൽ എ-ഗ്രേഡോടെ രണ്ടാം സ്ഥാനം നേടിയ അലീന മരിയ ജോസ് (എം. ബി. ബി. എസ്., ബാച്ച് - 14)





2020 ജനുവരി മാസത്തെ മികച്ച വാർഡ് - സെന്റ് മേരീസ് വാർഡ്

# ലോക ഗ്ലൂക്കോമ വാരം ആചരിച്ചു

ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ നേതൃത്വത്തിൽ ജൂബിലിയിലെ നേത്രരോഗവിഭാഗം, KSOS , TACO എന്നിവർ ചേർന്ന് ജൂബിലി മിഷൻ ആശുപത്രിയിൽ ലോക ഗ്ലോക്കോമ വാരം ആചരിച്ചു. ആശുപത്രി ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് അദ്ധ്യക്ഷത വഹിച്ച യോഗത്തെ തുടർന്ന് ഗ്ലോക്കോമ അവബോധത്തിനായി ക്ലാസുകളും, ജൂബിലി മിഷൻ നഴ്സിംഗ് കോളേജിലെ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ എക്സിബിഷനും, സൗജന്യ ഗ്ലോക്കോമ പരിശോധനയും നടത്തി,



# ജാഗ്രതയാണ് വേണ്ടത്, ഉത്കണ്ഠയല്ല



മനുഷ്യരിൽ നിന്നും മൃഗങ്ങളിൽ നിന്നും മനുഷ്യരിലേക്ക് പരക്കാവുന്ന വൈറസ് രോഗങ്ങളെ കൈകാര്യം ചെയ്യുന്നതിൽ ജാഗ്രതയാണ് വേണ്ടത്, ഉത്കണ്ഠയല്ലെന്ന് ഡോ. ശ്യാം കൊട്ടിലിൽ ഓർമ്മപ്പെടുത്തി. ഹെപ്പറ്റൈറ്റിസ് രോഗം 1975-ൽ ആദ്യമായി റിപ്പോർട്ട് ചെയ്തതുമുതൽ ആധുനിക ചികിത്സാരീതികൾ വരെ അമേരിക്കയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്തിലെ ഹ്യൂമൺ വൈറോളജി വിഭാഗം ഡയറക്ടർ ഡോ. ശ്യാം കൊട്ടിലിൽ ജൂബിലിയിൽ നടന്ന ഡോ. വാസുദേവൻ എൻഡോവ്മെന്റ് ഒറേഷനിൽ പ്രതിപാദിച്ചു.

ഡോ. ഡി. എം. വാസുദേവൻ എന്റോവ്മെന്റ് രണ്ടാമത് ഒറേഷൻ തൃശ്ശൂർ അതിരൂപത മെത്രാപ്പൊലീത്ത മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. വൈദ്യശാസ്ത്ര പഠന-ഗവേഷണ രംഗത്ത് അരനൂറ്റാണ്ട് പിന്നിട്ട ഡോ. ഡി. എം. വാസുദേവനെക്കുറിച്ചുള്ള പുസ്തകം ആർച്ച് ബിഷപ്പ് പ്രകാശനം ചെയ്തു. ജൂബിലി ഗവേഷണകേന്ദ്രം സയന്റിസ്റ്റ് ഡോ. കെസിയ കുരുവിള എഡിറ്റ് ചെയ്തതാണ് – 'A Gentle Man's Voyage' എന്ന പുസ്തകം.

## അഭിനന്ദനങ്ങൾ





ചങ്ങനാശ്ശേരിയിൽ നടന്ന വാർഷിക സൗത്ത് ഇന്ത്യ നിയോനേറ്റൽ കോൺഫറൻസിൽ പോസ്റ്റ് ഫെല്ലോസ് & ഡി. എം. വിഭാഗത്തിന് നടത്തിയ റിസർച്ച് പേപ്പർ പ്രെസന്റേഷനിൽ ഡോ. സി. വിജിലയും റിസർച്ച് പോസ്റ്റർ പ്രെസന്റേഷനിൽ ഡോ. മഹേഷ് കൃഷ്ണനും ഒന്നാം സ്ഥാനം നേടി. രണ്ടു പേരും ജൂബിലിയിൽ നിയോനേറ്റൽ വിഭാഗം ഫെല്ലോ ആണ്.

## ലോക വനിതാദിനം ആചരിച്ചു




സമൂഹസേവനം ചെയ്യുന്ന പോലീസുകാരുടെ ആരോഗ്യപരിപാലനം പ്രധാനമാണെന്ന് തൃശ്ശൂർ സിറ്റി പോലീസ് കമ്മീഷണർ ആദിത്യ ഐ.പി.എസ്. അഭിപ്രായപ്പെട്ടു. രോഗം വന്ന് ചികിത്സിക്കുന്നതിനേക്കാൾ രോഗം വരാതെ നോക്കേണ്ടത് അത്യാവശ്യമാണെന്നും ഇതിനായി പോലീസുകാർക്കായി ഒരു മാസം നീളുന്ന ആരോഗ്യ പരിരക്ഷാ പ്രവർത്തനങ്ങൾ ജില്ലയിൽ നടന്നു വരുന്നതായി അദ്ദേഹം അറിയിച്ചു. അന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഫെഡറേഷൻ ഓഫ് ഒബ്സ്റ്റട്രിക്ക്സ് ആന്റ് ഗൈനക്കോളജി സൊസൈറ്റി ഓഫ് ഇന്ത്യ (FOGSI), തൃശ്ശൂർ ഒബ്സ്റ്റട്രിക്ക്സ് ആന്റ് ഗൈനക്കോളജി സൊസൈറ്റി(TOGS), കേരള പോലീസ് അസോസിയേഷൻ, കേരള പോലീസ് ഓഫീസേഴ്സ് അസോസിയേഷൻ, എന്നിവരുടെ സംയുക്ത ആഭിമുഖ്യത്തിൽ നടക്കുന്ന സ്ത്രീകളിലെ സ്താനാർബുദത്തിന്റേയും ഗർഭാശയഗള കാൻസറിന്റേയും സ്ക്രീനിങ്ങ് പരിശോധനകൾ ഉദ്ഘാടനം ചെയ്തു. വനിതാ പോലീസ് ജീവനക്കാർക്കും കുടുംബാംഗങ്ങൾക്കുമായി പാപ് സ്മിയർ പരിശോധന, സ്താനാർബുദ പരിശോധന എന്നിവയും ക്ലാസുകളും നടന്നു. ഇരുന്നൂറോളം പേർ ക്യാമ്പിൽ പങ്കെടുത്തു.

കോട്ടയം മെഡിക്കൽ കോളേജിൽ വച്ച് നടന്ന ദേശീയ ബിരുദാനന്തര ബിരുദ പാഠ്യപരിപാടിയിലെ ക്വിസ് മത്സരത്തിൽ രണ്ടാം സ്ഥാനം നേടിയ ഡോ. സാബു ജോർജ്ജും ഡോ. അലക്സ് ബേബിയും (അവസാന വർഷ ഡി. എം. ന്യൂറോളജി വിദ്യാർത്ഥികൾ)




ദുബായിൽ നടന്ന അന്താരാഷ്ട്ര കോൺഗ്രസ്സ് "EMINS"ൽവച്ച് പോസ്റ്റർ പ്രസന്റേഷനിൽ ഡോ. സാബു ജോർജ്ജ് (ഡി. എം. ന്യൂറോളജി) രണ്ടാം സ്ഥാനം നേടി.



## ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ശസ്ത്രക്രിയ വിഭാഗത്തിന്റെ ശില്പശാല

അടിയന്തിര ചികിത്സയും ശസ്ത്രക്രിയയും വേണ്ടിവരുന്ന ഉദര രോഗങ്ങളെ പറ്റിയുള്ള ശില്പശാല ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ നടന്നു. പ്രമുഖ സർജൻ ആയിരുന്ന ഡോ. എം. എൽ. ദത്തന്റെ സ്മരണയ്ക്കായി വർഷം തോറും നടത്തുന്ന ശില്പശാലയിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ശസ്ത്രക്രിയ വിദഗ്ദ്ധരും പി. ജി. ഡോക്ടർമാരും പങ്കെടുത്തു.

## ജൂബിലിയിൽ അന്തർദേശീയ ശില്പശാല നടന്നു.

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഗർഭാശയ രോഗങ്ങളെ താക്കോൽദ്വാര ശസ്ത്രക്രിയകളിലൂടെ എങ്ങനെ ചികിത്സിച്ചു ഭേദമാക്കാം എന്നതിനെക്കുറിച്ചുള്ള ശില്പശാല - ഹൊറൈസൻ 2019 - നടന്നു. ഇന്ത്യയിൽ നിന്നും പുറം രാജ്യങ്ങളിൽ നിന്നുമായി ഇരുപതോളം വിദഗ്ദ്ധർ ശസ്ത്രക്രിയ ക്ലാസുകൾ നയിച്ചു. താക്കോൽദ്വാര ശസ്ത്രക്രിയകളിലെ നൂതനമാർഗ്ഗങ്ങൾ അവലംബിച്ച് നടത്തിയ ശില്പശാലയിൽ മുന്നൂറോളം ഗൈനക്കോളജിസ്റ്റുകൾ പങ്കെടുത്തു.

## ബിരുദദാനചടങ്ങ്



ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിങ്ങിലെ 13-ാം ബാച്ച് Bsc നേഴ്സിങ്ങ് വിദ്യാർത്ഥികളുടെയും 5-ാം ബാച്ച് Msc നേഴ്സിങ്ങ് വിദ്യാർത്ഥികളുടെയും ബിരുദദാന ചടങ്ങ് തൃശൂർ അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്തു.

## അമേരിക്കൻ സർവ്വകലാശാലയിൽ നിന്നുള്ള സംഘം ആയുർവ്വേദപഠനത്തിനായി ജൂബിലിയിൽ.

അമേരിക്കയിലെ ബെല്ലാർമിൻ യൂണിവേഴ്സിറ്റിയിൽ നിന്നുള്ള പതിനാറംഗ സംഘം "എക്സ്പ്ലോർ ഇന്ത്യ" എന്ന പരിപാടിയുടെ ഭാഗമായി, കേരള സംസ്കാരത്തെ അടുത്തറിയുന്നതിനായി കേരളത്തിൽ എത്തി. ആയുർവ്വേദത്തെക്കുറിച്ച് പഠനം നടത്തുന്നതിനായി ജൂബിലി ആയുർവ്വേദ മിഷൻ ആശുപത്രി സന്ദർശിച്ചു, ആയുർവ്വേദവിധിപ്രകാരമുള്ള പ്രായോഗിക പഠനവും യോഗ പരിശീലനവും നടത്തി. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ യാത്ര ചെയ്ത് രാജ്യത്തിന്റെ സംസ്ക്കാരത്തെക്കുറിച്ച് പഠിക്കുക എന്നതാണ് വിദേശ സംഘത്തിന്റെ ലക്ഷ്യം.

## മനസ്സ് 2020 – ക്ലിനിക്കൽ സൈക്കോളജി എക്സിബിഷൻ



ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ മനശാസ്ത്രവിഭാഗം വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ക്ലിനിക്കൽ സൈക്കോളജിയുടെ സമകാലിക പ്രസക്തിയും സാധ്യതകളും മനസ്സിലാക്കികൊടുക്കുന്നതിനും അവരിൽ അവബോധം സൃഷ്ടിക്കുന്നതിനുമായി "മനസ്സ് 2020" എന്ന പേരിൽ ക്ലിനിക്കൽ സൈക്കോളജി എക്സിബിഷൻ സംഘടിപ്പിച്ചു. നഗരത്തിലെ പ്രമുഖ കോളേജുകളിൽ നിന്നും ഹൈസ്കൂളുകളിൽ നിന്നും മറ്റു സ്ഥാപനങ്ങളിൽ നിന്നുമായി നിരവധി പേർ എക്സിബിഷൻ കാണാനെത്തി.

Editorial Board
Fr. Sijo Cheruvathoor | Dr. Benny Joseph | Dr. Aswath | Mr. Baby | Mr. Noble | Ms. Suma Paul
Ms. Deepa Tom | Ms. Raki K. V. | Ms. Nicy Antony | Ms. Chippy | Ms. Dinu | Ms. Vineetha | Ms. Ambili Ulahannan